# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 302 03/02/2020-ൽ മറുപടിക്ക്

## സാന്ത്വന ചികിത്സാ നയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.എൽദോ എബ്രഹാം** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |
| എ) | രോഗംമൂലമോ അപകടം മൂലമോ സ്ഥിരം കിടപ്പുരോഗികളായവർക്ക് വേണ്ടി സാന്ത്വന ചികിത്സാ നയം നിലവിലുണ്ടോ, വിശദമാക്കുമോ; | എ) | രോഗം മൂലവും അപകടം മൂലവും സ്ഥിരം കിടപ്പിലായവർക്ക് വേണ്ടി കേരള പാലിയേറ്റീവ് പരിചരണ നയം നിലവിലുണ്ട്. നയത്തിനനുസരിച്ച് എല്ലാ തലങ്ങളിലും സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ നടക്കുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. |
| ബി) | ചികിത്സയും സ്നേഹപൂർവ്വമായ പരിചരണവും മറ്റാരേക്കാളും ആവശ്യമായ കിടപ്പ രോഗികൾക്ക് ഗുണമേന്മയുള്ള ജീവിതസാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | ബി) | ചികിത്സയും സ്നേഹപൂർണ്ണമായ പരിചരണവും ആവശ്യമായ കിടപ്പ് രോഗികൾക്ക് നല്ല ജീവിത സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ കോളേജ് തലത്തിലും ആയുർവേദ ഹോമിയോ തലങ്ങളിലും പ്രവർത്തനങ്ങൾ നടന്നു വരികയാണ്. സാന്ത്വന പരിചരണ പദ്ധതി സമഗ്ര പാലിയേറ്റീവ് വയോജന പദ്ധതിയായി മാറ്റുന്നതിലൂടെ ക്യാമ്പസ് പാലിയേറ്റീവ് പ്രവർത്തനങ്ങളും, പരിശീല കേന്ദ്രങ്ങളുടെ ശാക്തീകരണം, പുനരധിവാസ പ്രവർത്തനങ്ങളും, കെയർ ഹോമുകളുടെ വിപുലീകരണം എന്നിവയും ചിട്ടയായി നടപ്പിലാക്കി വരുന്നു. ഇങ്ങനെ ദീർഘകാല പ്രയാസങ്ങൾ അനുഭവിക്കുന്ന രോഗികൾക്കുവേണ്ടി എല്ലാ തലങ്ങളിലും ചിട്ടയായ പാലിയേറ്റീവ് പ്രവർത്തനം നടക്കുന്ന സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. |
| സി) | കിടപ്പുരോഗികളുടെ ചികിത്സയും പരിചരണവും ഏറ്റെടുക്കാൻ മുന്നോട്ടുവരുന്ന സ്വകാര്യ സന്നദ്ധസംഘടനകളെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് സാന്ത്വന ചികിത്സാരംഗം വിപുലവും പ്രയോജനപ്രദവും ആക്കുന്നതിന് നടപടി സ്വീകരിക്കുമോ, | സി) | കിടപ്പുരോഗികളുടെ ചികിത്സയും പരിചരണവും ഏറ്റെടുക്കുന്നതിന് മുന്നോട്ടുവരുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന തലത്തിൽ രജിസ്ട്രേഷനും സൗജന്യ പരിശീലനവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ നയത്തിന്റെ ഭാഗമായി ഓരോ ജില്ലയിലും 500 - 1000 സന്നദ്ധ പ്രവർത്തകർക്ക് പുതുതായി പരിശീലനം നൽകുന്നു. പുനരധിവാസം ആവശ്യമായി വരുന്നവർക്ക് വേണ്ടി പ്രത്യേക പരിശീലന പദ്ധതിയും, അവർ |

| | | |
|---|---|---|
| | | നിർമ്മിക്കുന്ന ഉൽപന്നങ്ങൾ വിൽക്കുന്നതിനുള്ള പ്രത്യേക ബ്രാന്റും കേന്ദ്രീകൃത സംവിധാനവും നടപ്പിലാക്കിവരുന്നു |
| ഡി) | വീട്ടിൽ സഹായത്തിന് ആരുമില്ലാതെ അവശത അനുഭവിക്കുന്ന കിടപ്പുരോഗികൾക്ക് പ്രത്യേകിച്ചും പാവപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ മുടങ്ങാതെ വീട്ടിലെത്തിക്കുന്നതിന് സൗകര്യം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | ഡി) ഇത്തരം രോഗികൾക്ക് ഹോം കെയർ ടീമിന്റെ ഭാഗമായി എല്ലാ സൗകര്യങ്ങളും വീട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ